# പതിനാലാം കേരള നിയമസഭ
# രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5253 31.10.2016 -ൽ മറുപടിയ്ക്ക്**

## അന്തർ സംസ്ഥാന നദീജലക്കരാർ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സി. മമ്മൂട്ടി<br>ശ്രീ. പാറക്കൽ അബ്ദുല്ല<br>ശ്രീ. പി.കെ. ബഷീർ<br>ശ്രീ. ടി. വി. ഇബ്രാഹിം | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) തമിഴ് നാടുമായുള്ള അന്തർ സംസ്ഥാന നദീജലക്കരാറിന്റെ ലംഘനങ്ങളിലൂടെ സംസ്ഥാനത്തിന് കോടിക്കണക്കിന് രൂപയുടെ നഷ്ടം ഉണ്ടായിട്ടുള്ളതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. വിവിധ കാലയളവുകളിൽ പറമ്പിക്കുളം ആളിയാർ പദ്ധതിയിൽ തമിഴ് നാട് നടത്തിയ കരാർ വ്യവസ്ഥാലംഘനങ്ങൾ കാരണം പ്രധാനമായും വൈദ്യുതോല്പാദനരംഗത്തും കാർഷികമേഖലയിലും സാരമായ നഷ്ടമുണ്ടായിട്ടുണ്ട്. |
| ബി) എങ്കിൽ തുടർ നഷ്ടം ഒഴിവാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | പറമ്പിക്കുളം ആളിയാർ പദ്ധതിയിൽ തമിഴ് നാട് നടത്തിയ കരാർ വ്യവസ്ഥാലംഘനങ്ങളെല്ലാം തന്നെ ഉദ്യോഗസ്ഥ തലത്തിലും സർക്കാർ തലത്തിലും കേരളം യഥാസമയം തമിഴ് നാടിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. മുൻപ് നടത്തിയ കരാർ പുനരവലോകന ചർച്ചകളിലും കേരളം ഇക്കാര്യം ശക്തമായി ഉന്നയിച്ചിരുന്നു. നിലവിലെ കരാറിൽ, കരാർ ലംഘനങ്ങൾക്കെതിരായി നഷ്ടപരിഹാരം ലഭ്യമാക്കുവാനുള്ള വ്യവസ്ഥയില്ല.<br>എന്നാൽ 2012 - 2013 ജലവർഷത്തിൽ . തമിഴ് നാടിന്റെ പി. എ. പി. കരാർ വ്യവസ്ഥാലംഘനങ്ങൾക്കെതിരെ 16.04.2013-ന് ബഹു. സുപ്രീം കോടതിയിൽ ഒരു അസ്സൽ അന്യായവും (2 ഓഫ് 2013), ഒരു ഇടക്കാല ഹർജിയും (1 ഓഫ് 2013) ഫയൽ ചെയ്യുകയുണ്ടായി. ഈ ഹർജിയിൽ വൈദ്യുതോല്പാദന രംഗത്തും കാർഷികമേഖലയിലുമായി കേരളത്തിന് ഉണ്ടായ നഷ്ടം കണക്കാക്കി ആകെ 56,12,22,548/- രൂപ നഷ്ടപരിഹാരമായി ആവശ്യപ്പെട്ടിട്ടുണ്ട്. കേസിന്റെ തുടർ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. |

| | |
|---|---|
| സി) കരാർ ലംഘനങ്ങൾ മുഖേന ഇതേവരെയുണ്ടായിട്ടുള്ള നഷ്ടം കണക്കാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ സമ്പൂർണ്ണ വിവരശേഖരണത്തിനും, പരിഹാര നിർദ്ദേശങ്ങൾക്കും കമ്മീഷനെ നിയോഗിക്കുമോ ? | (സി) 2012 – 13 ജല വർഷത്തിൽ പി.എ.പി കരാർ ലംഘനങ്ങളുടെ അടിസ്ഥാനത്തിൽ കണക്കാക്കിയ കേരളത്തിനുണ്ടായ 56,12,22,548/- രൂപയുടെ നഷ്ടമല്ലാതെ കരാർ ലംഘനങ്ങൾ മുഖേന ഇതേവരെയുണ്ടായിട്ടുള്ള മൊത്തം നഷ്ടം എത്രയെന്ന് കൃത്യമായി കണക്കാക്കിയിട്ടില്ല. ആയത് കണക്കാക്കി നഷ്ടപരിഹാരം നേടിയെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ